# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1255 02.03.2017- ൽ മറുപടിക്ക്

## വിദ്യാഭ്യാസ വകുപ്പിൻകീഴിലെ ഫയലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ജനറൽ /ഹയർ സെക്കന്ററി എഡ്യൂക്കേഷൻ മേഖലയിലെ (സർക്കാർ / എയ്ഡഡ്) എത്ര ഫയലുകൾ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീർപ്പാകാതെ ഉണ്ടെന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) സെക്രട്ടേറിയറ്റിലെ ജനറൽ എഡ്യൂക്കേഷൻ വകുപ്പിൽ 20 സെക്ഷനുകളിലായി 14016 ഫയലുകളും ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ മേഖലയിൽ ( സർക്കാർ / എയ്ഡഡ്) 1514 ഫയലുകളും തീർപ്പാക്കാനുണ്ട്. |
| (ബി) ജനറൽ എഡ്യൂക്കേഷൻ ( ടി )വകുപ്പിൽ 68422/T3/2014/Gedn.dt.27.1.2015 നമ്പരായുള്ള ഫയലിന്റെ നടപടിക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഫയൽ നിലവിൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശം നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) 68422/ T3/2014/Gedn. ഫയലിൽ തീരുമാനം കൈക്കൊള്ളുന്നതിന്റെ ഭാഗമായി 43256/T3/2014/G.Edn നമ്പർ തീർപ്പുഫയൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 68422/T3/2014/Gedn.നമ്പർ ഫയൽ പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പിലാണുള്ളത്. |
| (സി) പാലക്കാട് എം.ഇ.എസ്., എച്ച്.എസ്.എസ്. ലെ ശ്രീമതി രജുല.പിയുടെ 21-11-2014 ലെ നിവേദനത്തിന്റെയും 9-7-2014-ലെ ഡബ്ല്യൂ.പി (സി) 17009/14 നം. ജഡ്ജ്മെന്റിന്റെയും അടിസ്ഥാനത്തിൽ 68422/T3/Gedn. നമ്പർ ഫയലിലെ നടപടികൾ ഉടൻ തീർപ്പാക്കുമോ; ഫയലിൽ കാലതാമസം വരുത്തിയവർക്കെതിരെ കർശന നടപടിയെടുക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) WP(C) No.17009/2014 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കുന്നതിനായി 25.9.2014 തീയതിയിലെ 43256/T3/2014/G.Edn നമ്പർ കത്തുപ്രകാരംസർക്കാർ നിർദ്ദേശിച്ചതനുസരിച്ച് 21.10.2014 തീയതിയിലെ Acd.A2/33783/2014/HSE ഓർഡർ പ്രകാരം ശ്രീമതി. പി.രജുലയ്ക്ക് ഭർത്താവിനൊപ്പം പോകുന്നതിന് അഞ്ചു വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചു നൽകിയിരുന്നു. ശൂന്യവേതനാവധി അനുവദിക്കുന്നതിനു മുൻപായി ടിയാൾ അവധിയിൽപ്രവേശിച്ചത് ക്രമീകരിച്ച് നൽകുന്നതു സംബന്ധിച്ച കാര്യമാണ് 68422/ T3/2014/Gedn. ഫയലിൽ കൈകാര്യം ചെയ്യുന്നത്. ആയതു പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഫയലിനാധാരമായ വിഷയത്തിന്മേൽ തീർപ്പ് അടിയന്തരമായി പ്രഖ്യാപിക്കാനും പരാതി നല്കിയ വ്യക്തിക്ക് സാമാന്യനീതി ഉറപ്പാക്കാനും എന്നത്തേയ്ക്ക് കഴിയും എന്നും വ്യക്തമാക്കുമോ? | (ഡി) | 25.9.2014 തീയതിയിലെ 43256/T3/2014/G.Edn നമ്പർ കത്തും, 21.10.2014 ലെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ Acd.A2/33783/2014/HSE ഓർഡറും ചാലഞ്ച് ചെയ്തുകൊണ്ട് കോർപ്പറേറ്റ്മാനേജർ, എം.ഇ.എസ്, ഹയർ സെക്കണ്ടറി സ്കൂൾ, ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 32013/2014 നിലവിൽ കോടതിയുടെപരിഗണനയിലിരിക്കുക യാണ്. ഈസാഹചര്യത്തിൽ, ശ്രീമതി. പി.രജുലയ്ക്ക് ശൂന്യ വേതനാവധി അനുവദിക്കുന്ന കാര്യം മേൽ നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ അന്തിമ വിധി ന്യായത്തിന് വിധേയമായിമാത്രമേ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ